LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി, വനാവകാശ നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും പ്രതിപാദിക്കുന്ന ഗ്രാമസഭകൾ, വനാവകാശ കമ്മിറ്റികൾ സബ്ഡിവിഷണൽ ലെവൽ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവകൾ സമയബന്ധിതമായി രൂപീകരിച്ചു. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി ആദിവാസികൾക്കിടയിൽ വനാവകാശ നിയമത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആകെ കിട്ടിയ 36,123 വ്യക്തിഗത അപേക്ഷകളിൽ 14,736 അപേക്ഷകളിൽ നടപടി പൂർത്തിയാക്കി അവകാശങ്ങൾ വിതരണം ചെയ്യുകയുണ്ടായി. 26,850 അപേക്ഷകളിൽ സർവ്വേ പൂർത്തിയാക്കിക്കഴിഞ്ഞു. ഇതിൽ 23,407 അപേക്ഷകൾ സബ്ഡിവിഷണൽ ലെവൽക്കമ്മിറ്റിയും 21,913 അപേക്ഷകൾ ജില്ലാതല കമ്മിറ്റിയും പാസ്സാക്കി. ആകെ 17,842 ഏക്കർ വനഭൂമി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

വനസംരക്ഷണ സേനയുടെ നവീകരണം

192 (2222) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണ സേനയുടെ നവീകരണത്തിനായി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഇതിനായി എന്ത് തുക വകയിരുത്തി ; ചെലവഴിച്ചത് എത്ര ?

ഉത്തരം

(എ) വനസംരക്ഷണസേനയുടെ നവീകരണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. വനം വകുപ്പിന്റെ നവീകരണത്തിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് ചുവടെ കുറിക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 22/2010/വനം വന്യജീവി വകുപ്പ് തീയതി 21-5-2010 പ്രകാരം നിയമിച്ചിട്ടുണ്ട്.

1. ശ്രീ. റ്റി.എം. മനോഹരൻ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ചെയർമാൻ)

2. ശ്രീ. സി. കെ. ശ്രീധർ, റിട്ട. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തമിഴ്നാട്.

3. പ്രൊഫസർ. കുഞ്ഞികൃഷ്ണൻ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം.

4. ശ്രീ. എൻ. ഗോപിനാഥൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരം. ഈ കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

2. സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) നമ്പർ 30/2009/വനം വന്യജീവി വകുപ്പ് തീയതി 24-6-2009 പ്രകാരം ഫോറസ്റ്റ് ഗാർഡുമാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. 1966-ലെ കേരളാ ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 1962 -ലെ കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. വന സംരക്ഷണ സേനയുടെ നവീകരണത്തിന്റെ ഭാഗമായി വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ (2), നെന്മാറ ഫോറസ്റ്റ് ഡിവിഷൻ (3), ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ (4), കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ(1), പുനലൂർ ഫോറസ്റ്റ് ഡിവിഷൻ എന്നിവിടങ്ങളിലായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. മറയൂർ ചന്ദന ഡിവിഷനിൽ ചന്ദന സംരക്ഷണത്തിനായി ഒരു ഡോഗ് സ്കാഡ് രൂപീകരിച്ചിട്ടുണ്ട്.

5. വനസംരക്ഷണ സേനയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ഫോറസ്റ്റ് ഗാർഡ്തലം വരെയുള്ളവർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇത് ഉടനെ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

6. പഴയ വാഹനങ്ങൾക്ക് പകരം പുതിയ 60-ഓളം വാഹനങ്ങൾ നടപ്പുസാമ്പത്തികവർഷം വാങ്ങിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

7. ആയുധങ്ങൾ, റിവോൾവറുകൾ, റൈഫിൾ എന്നിവ വാങ്ങി നൽകുന്നതിനായി 15 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ട്.

8. ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾക്കായി മറയൂർ ചന്ദന ഡിവിഷനിൽ വനസംരക്ഷണ ജീവനക്കാർക്ക് 4 മോട്ടോർ ബൈക്കുകൾ വാങ്ങി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. റെയിഞ്ച്തലം വരെയുള്ള കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനും, വനാതിർത്തികൾ അളന്ന് തിരിച്ച് സംരക്ഷിക്കുന്നതിനായി 'ടോട്ടൽ സ്റ്റേഷൻ' എന്ന സർവ്വേ ഉപകരണം വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പിലെ എഫ്.എം.ഐ. എസ്. വിഭാഗം ശക്തിപ്പെടുത്തി വനസംരക്ഷണ ജീവനക്കാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

10. സ്തുത്യർഹമായ സേവനം നടത്തുന്നവർക്ക് അവാർഡുകൾ മികച്ച കാര്യക്ഷമത കാണിക്കുന്നവർക്ക് റിവാർഡുകൾ എന്നിവ നൽകി പ്രോത്സാഹിപ്പിക്കുകയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ അപകടം സംഭവിക്കുന്നവർക്കുള്ള ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ നൽകിയും വന സംരക്ഷണ ജീവനക്കാരുടെ മനോവീര്യം വർദ്ധിപ്പിക്കുന്നുണ്ട്.

(ബി) 1. വനം വകുപ്പിന്റെ നവീകരണത്തിനായി ശുപാർശകൾ നൽകാൻ രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനത്തിനായി 2.85 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിൽ 98,340 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരണത്തിനായി 2010-11-ൽ 40 ലക്ഷം രൂപയും, 2011-12-ൽ 460 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

3. മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിന് 75 ലക്ഷം രൂപ ആവർത്തന ചെലവ് പ്രതീക്ഷിക്കുന്നു.

4. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 3 കോടിയോളം രൂപ ചെലവാക്കുന്നതാണ്.

5. ആധുനിക ആയുധങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ട്.

6. മറയൂർ ഡിവിഷനിൽ ചന്ദന സംരക്ഷണത്തിനായി ബൈക്കുകൾ വാങ്ങാൻ 2.50 ലക്ഷം രൂപയോളം ചെലവിടുന്നുണ്ട്.

വനസംരക്ഷണ സേനയിലെ സൂപ്പർന്യൂമററി നിയമനങ്ങൾ

193 (2223) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ തീയതി ഏകീകരിച്ചപ്പോൾ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുമെന്ന് സർക്കാർ ഉത്തരവുപ്രകാരം വനസംരക്ഷണ സേനയിലെ വിവിധ തസ്തികകളിലായി എത്ര സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തി ;

(ബി) ഇതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) വനസംരക്ഷണ സേനയിൽ ഇരുപത് (20) സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഫോറസ്റ്റ് ഗാർഡ് തസ്തികയിലാണ് സൂപ്പർ ന്യൂമററി നിയമനങ്ങൾ 20 എണ്ണവും നടത്തിയിട്ടുള്ളത്.

റിസർവ്വുചെയ്തു നിർത്തിയിട്ടുള്ള വൃക്ഷങ്ങളുടെ സംരക്ഷണം

194 (2224) ശ്രീ. പി. സി. ജോർജ് :
ശ്രീ .റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) The Kerala Forest (Prohibition of felling of trees standing on land temporarily or permanently assigned) rules, 1995 എന്ന നിയമം,